തിന്റെ ഫലമായി തീർക്കാൻ കഴിയാതെ, ആവശ്യങ്ങളുമായി വരുന്നു. അങ്ങനെ എത്രയോ പ്രാവശ്യം കോൺഫറൻസ് വിളിച്ചതിനുശേഷമാണ് ആ കാര്യത്തിൽ തീരുമാനമുണ്ടായത്. പണി നടന്നുകൊണ്ടിരിക്കുമ്പോൾ പദ്ധതി പ്രദേശത്തുനിന്നും അവരെ പുനരധിവസിപ്പിക്കുന്നതിനും മറ്റുള്ള കാലതാമസം പൂർണ്ണമായി പൂർത്തിയാക്കാൻ താമസമുണ്ടായിട്ടുണ്ട്. 327 മീറ്റർ വാർഫിന്റെ പണിയും, റോഡുകൾ, ഓഫീസുകൾ, പുലിമുട്ടുകൾ എന്നിവയും പൂർത്തിയായി. ഡ്രഡ്ജിംഗ്, വാട്ടർ സപ്ലൈ അനുബന്ധ റോഡുകൾ, ഇലക്ട്രിസിറ്റി തുടങ്ങിയ പണികൾ പുരോഗമിച്ചു വരുന്നു. 173 മീറ്റർ വാർഫിന്റെ ഫൗണ്ടേഷന്റെ പണികളും പൂർത്തിയായി. ബാക്കിയുള്ള ലേവലും, ഗിയർ ഷെഡ് തുടങ്ങിയ പണികളുടെ കരാറുകാർ നിരക്കുവർദ്ധന ആവശ്യപ്പെട്ടു കൊണ്ട് ഹൈക്കോടതിയിൽ പോയി, ഹൈക്കോടതിയിൽനിന്നും കിട്ടിയ ഡയറക്ഷനനുസരിച്ച് അയാളുടെ അപേക്ഷ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്രവേഗം അത് പൂർത്തിയാക്കി പണി പുനരാരംഭിക്കാനുള്ള നടപടികൾ എടുക്കുന്നതാണ്.

(2) കൂത്തുപറമ്പ് ഗ്രോത്ത് സെന്ററിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, കൂത്ത്പറമ്പ് ഗ്രോത്ത് സെന്ററിന്റെ പ്രവർത്തനം അതിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് എത്തുന്നതിനുവേണ്ടിയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. അവിടെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ പണി ഏകദേശം തീർന്നിട്ടുണ്ട്. എത്രയും പെട്ടെന്ന് അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ ഉദ്ഘാടനം നടത്തി അവിടെ ആവശ്യമായിട്ടുള്ള സ്റ്റാഫ് ഇരുന്നാൽ മാത്രമേ ഗ്രോത്ത് സെന്ററിലേയ്ക്ക് വരുന്ന വ്യവസായികൾക്ക് ഗ്രോത്ത് സെന്ററിനെ സമീപിക്കുവാനുള്ള അസൗകര്യവും കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാഹചര്യമുണ്ടാകുകയുള്ളൂ. അതോടൊപ്പംതന്നെ അവിടെ 5 നിലയുള്ള ഫാക്ടറി കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഇടുകയും കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തതാണ്. ഈ 5 നിലയിൽ രണ്ട് നിലയുടെ പണി തീർന്നിട്ടുണ്ട്. 5 നിലയുടെ പണിയും ഇപ്പോൾ തന്നെ പൂർത്തിയാകുന്ന രീതിയാണ്. അതിന് ഏകദേശം 3.45 കോടി രൂപയാണ് വകയിരുത്തിട്ടുള്ളതെന്നാണ് അറിയുന്നത്. ഈ പണം ഉപയോഗപ്പെടുത്തിക്കൊണ്ട് 5 നിലയുടെ പണിയും പൂർത്തിയാക്കുകയും അവിടെ വ്യവസായികളെ ആകർഷിക്കുവാനുള്ള പ്രവർത്തനം എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതുമാണ്. അതുപോലെ ഗതാഗതസൗകര്യം വളരെ പ്രശ്നമാണ്. ഗ്രോത്ത് സെന്ററിലേയ്ക്കുള്ള പി.ഡബ്ല്യു.ഡി.യുടെ റോഡ് വീതി കൂട്ടി ടാർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ കൈവശമുണ്ട്. ലാന്റ് അക്യൂസിഷന്റെ പ്രോബ്ലമാണ് പ്രയാസമായിട്ട് പറയുന്നത്. നബാർഡ് ഏറ്റെടുക്കാമെന്ന് പറഞ്ഞ പ്രവൃത്തിയാണ്. അതിന് കെ.എസ്.ഐ.ഡി.സി. ഇടപെട്ട് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമെങ്കിൽ വളരെ പെട്ടെന്നുതന്നെ ആ പ്രവൃത്തി ടെൻഡർ ചെയ്യാൻ കഴിയുന്നതാണ്. ഗതാഗതസൗകര്യം അതുപോലെ ഫാക്ടറി കെട്ടിടത്തിന്റെ പൂർത്തീകരണം, അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ ഉദ്ഘാടനം, അതിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്ന കാര്യം ഇതൊക്കെ എത്രയും പെട്ടെന്ന് നടപ്പാക്കിയാൽ ഗ്രോത്ത് സെന്ററിലേയ്ക്ക് വ്യവസായികൾ ധാരാളമായിട്ട് കടന്നുവരികയും നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയുകയും ചെയ്യുമെന്നാണ് പറയാനുള്ളത്. അതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കുത്തുപറമ്പ് ഗ്രോത്ത് സെന്ററിന്റെ ഭരണകാര്യാലയത്തിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണി 1999 ഡിസംബറിൽ തീരുന്നതാണ്. ബഹുനില വ്യവസായമന്ദിരത്തിന്റെ പണി 2000-ാം ആണ്ട് മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയും. ജലവിതാന സംവിധാനത്തിന്റെ പ്രധാന ജോലികളും ഈ വർഷം തന്നെ തീരുന്നതാണ്. താൽക്കാലികാവശ്യത്തിനായി വിവിധ ഭാഗങ്ങളിലായി 8 കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനവും കേന്ദ്രത്തിനകത്തുള്ള റോഡുകളുടെ നിർമ്മാണം, വൈദ്യുതീകരണം മുതലായവയും 2000-ാം ആണ്ട് അവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്. റബ്ബ്ക്കോ, ഇൻടെക് ആരോമാറ്റിക്സ്, നാളികേര സംസ്കരണസ്ഥാപനം എന്നീ വ്യവസായ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് RAIDCO തുടങ്ങിയ അനവധി കമ്പനികളുമായും വ്യക്തികളുമായിട്ടും ആലോചനകൾ നടന്നുവരുന്നു. പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. മറ്റ് പണികളെല്ലാം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

(3) സിഡ്കോ ജീവനക്കാരുടെ സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കേരള സർവ്വീസ് റൂളുകളും സേവനവ്യവസ്ഥകളും ബാധകമാക്കിയിട്ടുള്ള കേരള സിഡ്കോയിൽ നാളിതുവരെ സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ശമ്പളസ്കെയിലുകളും ക്ഷാമബത്തകളും ഇതര ആനുകൂല്യങ്ങളും അതേപടി അനുവദിച്ചിരുന്നു. എന്നാൽ 1997 മാർച്ച് മുതൽ സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണം സിഡ്കോ ജീവനക്കാർക്ക് നൽകിയില്ല. നിവേദനങ്ങൾ പലതും നടത്തിയിട്ടും ഫലം കാണുന്നില്ല. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയ തീയതി മുതൽ സിഡ്കോ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുപകരം മുടന്തൻ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ട് ജീവനക്കാർക്ക് ന്യായമായി നൽകേണ്ട ശമ്പള വർദ്ധനവ് നൽകാതിരിക്കുകയാണ്. നഷ്ടമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകില്ല എന്നാണ് തടസ്സം പറയുന്നത്. ശമ്പളകമ്മിഷന്റെ ശുപാർശയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം ഏർപ്പെടുത്തുമ്പോൾ ഇങ്ങനെ ഒരു വ്യവസ്ഥ വച്ചിട്ടില്ല. ഈ തടസ്സം ഉന്നയിക്കുന്ന ഉദ്യോഗസ്ഥന്മാർ ശമ്പള വർദ്ധനവ് വാങ്ങുന്നുണ്ട്. സർക്കാർ എന്ന കമ്പനി ലാഭത്തിലാണ്. 15000 കോടി രൂപ കടം വാങ്ങിയാണ് പ്രവർത്തിക്കുന്നത്. നഷ്ടമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകിയിട്ടുണ്ട്. സിഡ്കോയാണെങ്കിൽ കഴിഞ്ഞ 2 കൊല്ലമായി നഷ്ടം കുറച്ചുകൊണ്ട് വരികയും കാര്യക്ഷമമായി പ്രവർത്തിക്കുകയുമാണ്. എന്നിട്ടും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകാതിരിക്കുന്നു. ഇതിൽ പ്രതിഷേധിച്ച് ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ജീവനക്കാർ ധർണ്ണ നടത്തുകയാണ്. തടഞ്ഞുവച്ചിരിക്കുന്ന ശമ്പള പരിഷ്കാരം അടിയന്തിരമായി നടപ്പിലാക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. ലാഭമുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലാഭത്തിന്റെ വിഹിതം കൊടുക്കുന്നതായിട്ടും കാണുന്നില്ല. നഷ്ടത്തിന്റെ പേരിൽ ശമ്പളം കുറയ്ക്കുന്നതിന് ഒരു ന്യായീകരണവും ഇല്ല. നമ്മുടെ വിവിധ ഡിപ്പാർട്ടുമെന്റുകളൊക്കെ നഷ്ടത്തിൽ പോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly